# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.T4809

27.10.2016-ൽ
മറുപടിക്ക്

## കടിക്കട സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കടിക്കട സർട്ടിഫിക്കറ്റ് ഒറ്റ ദിവസം കൊണ്ട് നൽകുക എന്ന പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ; | എ) കടിക്കട സർട്ടിഫിക്കറ്റ് ഒറ്റ ദിവസം കൊണ്ട് നൽകുക എന്ന പദ്ധതി പൂർത്തിയാക്കിയിട്ടില്ല. |
| ബി) രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവല്ക്കരിക്കും . എന്ന ഈ വർഷത്തെ നയപ്രഖ്യാപനത്തിലെ പ്രസ്താവനപ്രകാരം നാളിതുവരെ ഇതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി) രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 313 സബ് രജിസ്ട്രാർ ഓഫീസുകളിൽ നെറ്റ് വർക്ക് സംവിധാനവും, ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനായി സോഫ്റ്റ് വെയർ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതോടൊപ്പം വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നു. ബാദ്ധ്യത സർട്ടിഫിക്കറ്റുകൾ, ആധാര പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷ ഓൺലൈൻ ആയി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാര വിവരങ്ങൾ ഓൺലൈൻ ആയി സമർപ്പിച്ച് കക്ഷിയുടെ തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കുന്നതിനും സൗകര്യമുണ്ട്. സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിന് വകുപ്പിലെ യോഗ്യരായ ജീവനക്കാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾക്ക് ഫീസടയ്ക്കുന്നതിനു ഇ-പേയ്മെന്റ് സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ